# ഭാഗം 7 രാഷ്ട്രമീമാംസയും സാംസ്കാരിക ചരിത്രവും

ഉള്ളടക്കം

7.0 ഉദ്ദേശ്യലക്ഷ്യങ്ങൾ:
7.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1-ചാവേററുപട
7.2 പാഠസംഗ്രഹം
7.3 പദബോധനം
പുരോഗതി സ്വയം പരിശോധിക്കുക-1
7.4 വിഷയാവതരണവും പാഠഭാഗവും
പാഠം 2-ജനാധിപത്യം നമ്മുടെ നാട്ടിൽ
7.5 പാഠസംഗ്രഹം.
പുരോഗതി സ്വയം പരിശോധിക്കുക-2
7.6 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം

## 7.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

അന്യൻെറ ഇഷ്ടാനിഷ്ടങ്ങളെ മാനിക്കുകയും, അംഗീകൃത പെരുമാററച്ചട്ടങ്ങൾക്ക് സ്വയം വഴങ്ങുകയും ചെയ്യുമ്പോഴാണ് നാം സാമൂഹ്യജീവിയായിത്തീരുന്നത്. രാഷ്ട്രത്തിൻെറ സാംസ്ക്കാരികവും രാഷ്ട്രീയവുമായ ഗതിവിഗതികൾക്ക് ആദിസ്രോതസ്സായി നിലനിൽക്കാനും അപ്പോഴേ മനുഷ്യനു് സാധിക്കൂ. ഓരോ വ്യക്തിയ്ക്കും, അവനുൾപ്പെടുന്ന സമൂഹത്തിനും തനതായ ജീവിതമുണ്ട്, സംസ്ക്കാരവുമുണ്ട്. വ്യക്തിയുടെ ചിന്തയും വികാരവും കൊണ്ട് ഊടും പാവുമിട്ട സാമൂഹിക ജീവിതം തന്നെയാണ് സാംസ്ക്കാരിക ചരിത്രത്തിനും, രാഷ്ട്രമീമാംസയ്ക്കും പ്രേരകഘടകമായി നിലനിൽക്കുന്നത്. മനുഷ്യൻെറ ധാർമ്മികവും ധൈഷണികവുമായ പുരോഗതിയാണ് സംസ്ക്കാരമെന്നു് ബക്ൾ പറഞ്ഞത് ഇവിടെ സ്മരണീയമാണ്. ജനങ്ങളുടെ സാമാന്യവും പരമ്പരാഗതവുമായ പെരുമാററ രീതി, ആശയസംഹിത എന്നിവയുടെ ആകത്തുകയാണ് മാനവ സംസ്ക്കാരത്തിന് രൂപകല്പന ചെയ്യുന്നത്. സാംസ്ക്കാരിക ജീവിതത്തിൻെറ സ്വാഭാവികമായ പരിണാമമാണ് ഭരിക്കുന്നവരും, ഭരിക്കപ്പെടുന്നവരും ഉൾപ്പെട്ട രാഷ്ട്രമെന്ന സങ്കൽപ്പം. വ്യക്തിബന്ധങ്ങളെ നിയന്ത്രിക്കുകയും, സാമൂഹ്യ ജീവിതത്തെ ചിട്ടപ്പെടുത്തുകയും, വ്യക്തിയും സമൂഹവുമായിട്ടുള്ള ഇടപെടലുകൾക്ക് പൊതുമാനദണ്ഡം രൂപപ്പെടുത്തുകയും, അവ നടപ്പിലാക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്തതോടെ രാഷ്ട്രീയമായ ഒരു ചട്ടക്കൂടുണ്ടായി. ഓരോ വ്യക്തിയും നിയമത്തിന് വിധേയനാവാൻ സ്വയം തയ്യാറായതോടെ ആ സംവിധാനത്തിന് ഒരു പാവനത്വം കൽപ്പിക്കാൻ തുടങ്ങി.

കൂട്ടമായോ, ഒററയായോ ജീവിക്കുന്ന മനുഷ്യർക്കെല്ലാം തന്നെ സംരക്ഷണം ആവശ്യമാണ്. ഉൽപ്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും പൊതുവായ അംഗീകൃത മാനദണ്ഡങ്ങൾ വേണം. വ്യക്തിയുടേയും സമൂഹത്തിൻേറയും മാനവവംശത്തിൻെറതന്നെയും നിലനിൽപ്പിനേയും, സാമൂഹ്യവും സാംസ്ക്കാരികവും ആയ വളർച്ചയേയും, മുന്നിൽ കണ്ടുകൊണ്ട് ഭരണാധികാരികളുടെ നടപടിക്രമങ്ങൾ യുക്തിഭദ്രമായി സംവിധാനം ചെയ്തതോടെ രാഷ്ട്ര വിജ്ഞാനം അഥവാ രാഷ്ട്രമീമാംസ രൂപപ്പെട്ടു. വിശാലമായ അടിസ്ഥാനത്തിൽ ഇത് സാമൂഹ്യശാസ്ത്രത്തിൻെറ തന്നെ ഒരു ഭാഗമാകുന്നു. രാഷ്ട്രത്തിൻെറ ഉൽഭവം വികാസം, സ്വഭാവം, ഭരണാധികാരികളുടെ നടപടിക്രമങ്ങൾ, പ്രവർത്തനരീതികൾ തുടങ്ങിയവയെ സംബന്ധിച്ച പഠനമാണ് രാഷ്ട്രമീമാംസ അഥവാ പൊളിററിക്കൽ സയൻസ്(political Science) . പ്രാചീനഗ്രീസിൽ ആണ് ഈ സിദ്ധാന്തം രൂപപ്പെട്ടത് എന്ന് പാശ്ചാത്യർ അവകാശപ്പെടുന്നു. പ്ളേറേറാവിനേയും, അരിസ്റേറാട്ടലിനേയും അവർ ഉദാഹരിക്കുന്നു. പക്ഷെ ഭാരതത്തിലും, രാഷ്ട്രമീമാംസാപരമായ ചിന്തകൾ രൂപപ്പെട്ടു കഴിഞ്ഞിരുന്നുവെന്നതിന് ഇതിഹാസങ്ങളും, പുരാണങ്ങളും മാത്രമല്ല തെളിവ്, മനുസ്മൃതിയും, ചാണക്യൻെറ അർത്ഥശാസ്ത്രവും കൂടിയുണ്ട്. 'തത്വശാസ്ത്രത്തിൽനിന്നും വേർതിരിച്ചെടുക്കാവുന്ന രാഷ്ട്രീയചിന്ത ഭാരതത്തിൽ ഉണ്ടായിരുന്നില്ല'എന്ന് മാക്സ്മുള്ളർ അഭിപ്രായപ്പെടുന്നത് വിശദമായ പഠനത്തിനും, ഗവേഷണത്തിനും ശേഷമാണ് എന്നു പറയാൻ പ്രയാസമുണ്ട്. ഇററാലിയൻ ചിന്തകനായ മാക്യവല്ലി എഴുതിയ 'പ്രിൻസ്' എന്ന ഗ്രന്ഥമാണ് വിശുദ്ധമായ രാഷ്ട്രീയചിന്തകൾ അടങ്ങിയ ഗ്രന്ഥമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഭരണസംവിധാനത്തെക്കുറിച്ച് താത്വികവും, ദാർശനികവുമായ ചിന്തകൾ പിന്നെ പടർന്നുപന്തലിച്ചു. രാഷ്ട്രത്തിൻെറ നിയന്ത്രണം ഏകമായ കേന്ദ്രത്തിൽ നിന്നാവണമെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടു. സമൂഹത്തിൻെറ ഇച്ഛകൾക്ക് ശക്തിയും നിശ്ചിതത്വവും നൽകാൻ അതിനേ കഴിയൂ. പക്ഷെ ആ ഏകകേന്ദ്രം ഏകവ്യക്തിയോ, സംഘമോ ഏതാണ് എന്നതിനെക്കുറിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. സംഘത്തിൽ സംഘടിതമായ അഭിപ്രായത്തിനാണ് പ്രസക്തി. വ്യക്തി ഏകകേന്ദ്രമായി വർത്തിക്കുമ്പോൾ 'സ്വേച്ഛ'യ്ക്ക് മുൻതൂക്കം കൂടും. ഇവയൊക്കെ സാമൂഹ്യശാസ്ത്രവിഷയങ്ങളാകുന്നു. രാഷ്ട്രമീമാംസയും, സാംസ്ക്കാരികചരിത്രവും കൈകാര്യം ചെയ്യുമ്പോൾ മലയാളികളുടെ ഭാഷാരീതി എന്തായിത്തീരുന്നുവെന്ന് വിദ്യാർത്ഥികളെ മനസ്സിലാക്കി കൊടുക്കുക, അവരുടെ അനുഭവ പ്രപഞ്ചത്തെ വികസ്വരമാക്കുക എന്നിവയാണ് ഈ വിഭാഗത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 7.1 വിഷയാവതരണം

ഇന്നു നാം കേരളമെന്ന് പറയുന്ന ഭൂവിഭാഗം ഒരു കാലത്ത് തമിഴകത്തിൻെറ ഭാഗമായിരുന്നു. തമിഴകത്തിൻെറ സാംസ്ക്കാരികജീവിതത്തിന് ചേരസാമ്രാജ്യത്തിൻെറ സംഭാവന നിസ്സാരമായിരുന്നില്ല എന്നതിനു സംഘകാലഘട്ടത്തിൻെറ ചരിത്രത്തിൽ തെളിവുകളുണ്ട്. ചേരസാമ്രാജ്യത്തിൻെറ രാഷ്ട്രീയവും, സാംസ്ക്കാരികവുമായ ജീവിതം ആയോധനവിദ്യയിൽ അസാമാന്യ വൈദഗ്ധ്യം നേടിയ വീരന്മാരുടേയും, ദേശാഭിമാനികളുടേയും ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രത്തിൻെറ ഭരണപരമായ സംവിധാനത്തെക്കുറിച്ച് കേരളത്തിന് അതിൻേറതായ ചില നിഗമനങ്ങളുണ്ടായിരുന്നു. കേരളത്തിൻെറ മദ്ധ്യകാലചരിത്രം നൽകുന്ന തെളിവ് വച്ചു നോക്കിയാൽ പന്ത്രണ്ട് കൊല്ലത്തിൽ കൂടുതൽ ഒരു രാജാവിന് ഭരിക്കാൻ പാടില്ല എന്ന്നിബന്ധനയുണ്ടായിരുന്നതായി മനസ്സിലാക്കാം. ഒരു രാജാവിൻെറ കീഴിൽ ദേശസമിതികളും പ്രഭുക്കന്മാരുമുണ്ടായിരുന്നു. പന്ത്രണ്ടു കൊല്ലത്തിനുള്ളിൽ മരിക്കാതിരുന്നാൽ അന്നത്തെ ഭരണകർത്താവിന് ക്ഷണിക്കപ്പെട്ട അതിഥികളുടെ മുൻപിൽ വെച്ച് സ്വയം കഴുത്തറുത്ത് ആത്മഹത്യചെയ്യേണ്ടിവരുമായിരുന്നു. ഇത്തരം അസാധാരണമായ ഭരണ സംവിധാനത്തിൻെറ പശ്ചാത്തലത്തിൽ കേരളത്തിൽ ആഘോഷിക്കപ്പെട്ടിരുന്ന മാമാങ്കത്തേയും, അതിൽ പങ്കെടുത്തിരുന്ന ചാവേററുപടയുടെ ചരിത്രപരവും, സാംസ്ക്കാരികവുമായ തലങ്ങളേയും കുറിച്ച് മനസ്സിലാക്കാൻ ശ്രമിക്കുന്നത് രസകരമായിരിക്കില്ലേ? കെ. രാമചന്ദ്രൻ എം.ഏ. സംഗ്രഹിച്ചതും, ഇളംകുളം കുഞ്ഞൻപിള്ള 'സംസ്ക്കാരത്തിൻെറ നാഴികക്കല്ലുകൾ ഒന്നുമതി'എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതുമായ 'ചാവേററുപട'എന്ന ലേഖനം ശ്രദ്ധിച്ച് വായിച്ചു മനസ്സിലാക്കുക.

# പാഠം-1 ചാവേററുപട

സാധാരണമനുഷ്യരെ സംബന്ധിച്ചിടത്തോളം മരണം തികച്ചും ഭയാനകമാണ്. മരണത്തിനപ്പുറമുള്ള ജീവിതം ഇഹലോകത്തേക്കാൾ അജ്ഞേയവും അതിനാൽതന്നെ ഭീതിപ്രദമായ ഒരു പരിവേഷം പൂണ്ടതുമത്രേ. അത്തരം അനിശ്ചിതമായ ഒരു തമോമണ്ഡലത്തിലേക്കു ഹൃദയദാർഢ്യത്തോടെ കടക്കുവാനുള്ള കരുത്ത് അസുലഭമായ ഒരു സിദ്ധിയാണ്,സാധാരണക്കാരിൽ അതു പ്രകടമാകാത്തതിൽ അത്ഭുതമില്ല. എന്നാൽ ആ അസുലഭമായ സിദ്ധിയുടെ അവകാശികളായ ബഹുസഹസ്രം ധീരയോദ്ധാക്കൾ പ്രാചീനകേരളത്തിന്റെ ഏടുകളെ പ്രകാശഭാസുരമാക്കി പരിശോഭിക്കുന്നുവെന്ന വസ്തുത നമ്മിൽ അത്ഭുതവും അഭിമാനവും വളർത്തുന്നതിനു പര്യാപ്തമാണ്.

കേരളത്തിലെ ചാവേററുപട ദക്ഷിണഭാരതത്തിന്റെ ചരിത്രത്തിൽ അതിപ്രഖ്യാതമാണ്. കറകലരാത്ത ദേശപ്രേമം ഒന്നുകൊണ്ടുമാത്രം പ്രേരിതരായി പോർക്കളത്തിൽ ജീവൻ ബലിയർപ്പിക്കുവാൻ മുന്നിട്ടിറങ്ങിയ ആ ധീരദേശാഭിമാനികൾ കേരളത്തിന്റെ മാത്രമല്ല, ദക്ഷിണേന്ത്യയുടെ തന്നെ ചരിത്രം തിരുത്തിയെഴുതുകയുണ്ടായി.

ചാവേററുപടയുടെ ചരിത്രപരമായ പ്രാധാന്യങ്ങളിലേക്കു കണ്ണോടിക്കുന്നതിനു മുമ്പ് ചാവേററുപടയെന്നാലെന്താണെന്നു നാം മനസ്സിലാക്കണം. നശീകരണായുധങ്ങളുടെ പ്രാമാണ്യം ഇന്നത്തെപ്പോലെ അത്രകണ്ടു വർദ്ധമാനമായിട്ടില്ലായിരുന്ന പ്രാചീനകാലങ്ങളിൽ യുദ്ധം ഏറിയ കൂറും മനുഷ്യന്റെ വ്യക്തിപരമായ കരബലത്തെമാത്രം ആധാരമാക്കി നിർവ്വഹിക്കപ്പെട്ടിരുന്നു. പോർക്കളത്തിൽ ആത്മാഹുതി ചെയ്യുവാൻ തൻറേടമുള്ള യോദ്ധാക്കളുടെ എണ്ണം ആയുധബലത്തേക്കാൾ അധികം വിലമതിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. പോർക്കളത്തിലിറങ്ങിയാൽ വിജയം നേടാതെ മടങ്ങിവരികയില്ല എന്ന ഉഗ്രപ്രതിജ്ഞയോടെയാണ് ഈ ആത്മഹത്യാസംഘങ്ങൾ യുദ്ധത്തിനു പുറപ്പെട്ടിരുന്നത്. ജീവനിൽ കൊതിയില്ലാതെ അടരാടുന്ന അത്തരം യോദ്ധാക്കൾ ശത്രുവിന്റെ കൂടാരത്തിൽ വരുത്തിക്കൂട്ടുന്ന വമ്പിച്ച നാശങ്ങൾ അവർണ്ണ്യങ്ങളത്രേ.

കേരളത്തിൽ ഇത്തരം ആത്മഹത്യാസംഘങ്ങൾക്ക് 'ചാവേററുപട' എന്നായിരുന്നു പേർ. തുർക്കിയിലും ഈജിപ്തിലും ഈ രീതിയിലുള്ള സേനാവിഭാഗങ്ങൾ ഉണ്ടാകുന്നതിനു പ്രചോദനം നല്കിയത് കേരളത്തിലെ ചാവേററുപടയാണെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. തുർക്കിയിലെ ജാനിസറികളും ഈജിപ്തിലെ മാമെല്ക്കുകളും ചരിത്രപ്രസിദ്ധരാണ്. യുദ്ധത്തിൽ യൂറോപ്പിൽനിന്ന് തടവുകാരായി പിടിക്കപ്പെട്ട ക്രിസ്ത്യാനികളെ ഉൾപ്പെടുത്തിയാണ് ജാനിസറി രൂപീകൃതമായത്. സർക്കാഷ്യൻ അടിമകളെ ചേർത്തുണ്ടാക്കിയതാണു മാമെലൂക്ക്. കേരളത്തിലെ ചാവേററുപടയ്ക്കും മുൻപറഞ്ഞവയ്ക്കും തമ്മിൽ പ്രകടമായ ഒരു വ്യത്യാസം ശ്രദ്ധേയമത്രെ. ഇവിടെ സ്വമേധയാ ദേശസേവനത്തിനു മുന്നിട്ടിറങ്ങിയ യോദ്ധാക്കൾ ആത്മഹത്യാസേനകൾ രൂപീകരിച്ചപ്പോൾ തുർക്കിയിലും ഈജിപ്തിലും തടവുകാരെയും അടിമകളെയുംമററും ഉൾപ്പെടുത്തി നിർബന്ധിതമായി അത്തരം സംഘങ്ങൾ ചമയക്കുകയാണുണ്ടായത്.

ചാവേററുപടയിലെ അംഗങ്ങൾക്കു രാജകീയാനുകൂല്യങ്ങൾ സുലഭമായിരുന്നു. ഏതെങ്കിലും ഒരു ചാവേർ സമരരംഗത്തിൽവച്ച് വീരസ്വർഗ്ഗം പ്രാപിക്കുകയാണെങ്കിൽ അയാളുടെ കുടുംബാംഗങ്ങൾക്കു കരമൊഴിവായി ഭൂമി ദാനംചെയ്യുക പതിവാണ്. ചാവേററുവിരുത്തി എന്നാണീ ഭൂമിയുടെ പേർ. ഇത്തരം വസ്തുക്കൾ അനുഭവിക്കുന്നവർക്കു സൈനികസേവനം നിർബ്ബന്ധിതമായിരുന്നു. ധർമ്മരാജാവിന്റെ കാലത്തുപോലും ഈ നിയമം അനുസരിക്കപ്പെട്ടിരുന്നുവെന്നതിനു തെളിവുകൾ പലതുണ്ട്. ചാവേററുവിരുത്തിവസ്തുക്കൾ അനുഭവിക്കുന്ന ചില കുടുംബങ്ങൾ ഇന്നും നിലനിലക്കുന്നു. ടിപ്പുവും തിരുവിതാംകൂറും തമ്മിൽ 1789-ൽ ആയിക്കോട്ടയിൽവച്ചു നടന്ന സമരത്തിൽ പുരുഷന്മാർ മുഴുവൻ നഷ്ടപ്പെടുകയും തൽഫലമായി ചാവേററുവിരുത്തിവസ്തുക്കൾ ഇന്നും അനുഭവിക്കുകയും ചെയ്യുന്ന ചില കുടുംബങ്ങളെ എനിക്കറിയാം.

**ചാവേറിന്റെ ഉത്ഭവം**

ക്രി.പി. 1500 ന് അടുത്തുണ്ടായ ഗൗരീചരിതംചമ്പുവിൽ 'പിന്നെയൊന്നിച്ചു കോപോദയാവേശമുൾക്കൊണ്ടു ചാവേറുപോലെ തുടർന്ന അസ്ത്രശസ്ത്രങ്ങൾ വർഷിച്ചു' എന്നും 'ചാവേറുപോലെ വിഹിതാഭിയോഗൈർദേവാരിസൈന്യൈസ്സഹപോർ തുടർന്നു.' എന്നും രണ്ടിടത്തു ചാവേറുശബ്ദം കാണാം.

പയ്യന്നൂർ പട്ടോല എന്ന പഴയമലയാളഗ്രന്ഥത്തിലും ചാവേററുപടയെപ്പററി ഇങ്ങനെ പരാമർശമുണ്ട്: 'ചാവാളരെപ്പോൽ നീയകലെപ്പോവൂ ചങ്ങാതം വേണം പെരികയിപ്പോൾ.' ഇവിടെ ചാവാളർ, ചങ്ങാതം എന്നു രണ്ടു പദങ്ങൾ നാം കാണുന്നു. ചാവേർപദത്തിന്റെ ബഹുവചനരൂപമാണ് ചാവാളർ. ചെറിയ

ചാവേററുസംഘങ്ങൾക്കു പറഞ്ഞുവന്നിരുന്ന പേരാണു ചങ്ങാതം. പയ്യന്നൂർ പട്ടോലയുടെ കാലം പതിമൂന്നാം ശതകമായിരിക്കണം.

ഇതിനെല്ലാം മുൻപുതന്നെ ചാവേററുപട കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞിരുന്നു എന്നതിനു ചരിത്രലക്ഷ്യങ്ങൾ ലഭിച്ചിട്ടുണ്ട്. എ.ഡി. 1070 മുതൽ 1120 വരെ നാടുവാണ കുലോത്തുംഗചോളന്റെ ചോളപുരം ശാസനത്തിൽ കേരളത്തിലെ ചാവേററുപട മുഴുവൻ സ്വർഗ്ഗലോകം പ്രാപിച്ചപ്പോൾ ചോളൻ ചേരപാണ്ഢ്യരാജ്യങ്ങളുടെ അതിർത്തികൾ നിശ്ചയിച്ചുവെന്നു പറയുന്നു. കുറേ കൊല്ലങ്ങൾക്കു ശേഷമുള്ള തിരുവതിരേഖയിലും ചാവേററിനെപ്പററി സൂചനയുണ്ട്. കുലോത്തുംഗന്റെ സേനാനായകരിൽ പ്രസിദ്ധനായ നരലോകവീരൻ ചാവേറുമായി സമരം ചെയ്തുവെന്നാണതിൽനിന്നു മനസ്സിലാകുന്നത്. ഇന്നോളം കിട്ടിയിട്ടുള്ള ചരിത്രലക്ഷ്യങ്ങൾ വച്ചുകൊണ്ടു ചാവേറിനെക്കുറിച്ചുള്ള അതിപ്രാചീനമായ പരാമർശം കുലോത്തുംഗന്റെ ചോളപുരം ശാസനത്തിലാണെന്നു പറയുന്നതിൽ തെററില്ല. പതിനൊന്നാംശതകം മുഴുവൻ നീണ്ടുനിന്ന ചേരചോളയുദ്ധത്തിന്റെ അന്ത്യത്തിൽ ചോളരെ ഓടിക്കാൻവേണ്ടിയാണ് ഇങ്ങനെയൊരു ആത്മഹത്യാസംഘം രൂപീകരിച്ചത്. മരണത്തെ തൃണവൽഗണിച്ചുകൊണ്ടു മുന്നേറിയ ആ ധീരസേനയുടെ മുമ്പിൽ ചോളശക്തി ഭസ്മീകരിക്കപ്പെട്ടു. ഒരു നൂററാണ്ടോളം ചോളരുടെ ഭരണത്തിൽപ്പെട്ടു കഴിഞ്ഞ തെക്കൻകേരളം ചേരസേന കൈവശപ്പെടുത്തി. പതിനൊന്നാം നൂററാണ്ടിന്റെ അന്ത്യത്തിൽ കേരളം വാണിരുന്ന രാമവർമ്മയാണു ചാവേററുപട രൂപീകരിച്ചതും ചോളരെ ഓടിച്ചതും. കേരളത്തിലും കന്നടദേശത്തുംമററും നടപ്പുണ്ടായിരുന്ന ഒരു പഴയ ആചാരമാണു ചാവേററുപട രൂപീകരിക്കാൻ രാമവർമ്മയ്ക്കു പ്രചോദനം നല്കിയതെന്നൂഹിക്കാം. രാജാക്കന്മാരോടുകൂടി അംഗരക്ഷകന്മാരും മററ് അടുത്ത പരിചാരകന്മാരും അനുമരണംവരിക്ക സാധാരണമായിരുന്നു. ക്രിസ്തു 500 ന് അടുത്തു ജീവിച്ചിരുന്ന കേരളകവികളും പത്താംശതകത്തിൽ വിവരണമെഴുതിയ മുസ്ളിംസഞ്ചാരികളും ഈ ആചാരത്തെപ്പററി സൂചിപ്പിച്ചിട്ടുണ്ട്.

പതിനഞ്ചും പതിനെട്ടും നൂററാണ്ടുകൾക്കു മദ്ധ്യേയുള്ള കാലഘട്ടത്തിൽ ചാവേററുപടകൾ നിർവ്വഹിച്ച വീരകർമ്മങ്ങളെക്കുറിച്ചുള്ള പല പ്രസ്താവനകളും വിദേശീയരുടെ വിവരണങ്ങളിൽനിന്നും നമുക്കു ലഭിക്കുന്നു. പോർട്ടുഗീസ് വിവരണങ്ങളിൽ ചാവേറിനെ സൂചിപ്പിക്കുവാനുപയോഗിക്കുന്ന പദങ്ങൾ Amouces, Amochi എന്നിവയാണ്. ഇവയൊരുപക്ഷേ, 'അമോഘ' എന്ന സംസ്കൃതപദത്തിന്റെ തത്ഭവങ്ങളാകാം. ചാവേർ എന്ന പദംതന്നെ കാസ്ററനെഡ ഉപയോഗിക്കുന്നു. പർച്ചാസ്, ഡിഗുബർനാടിസ് തുടങ്ങിയവരും ചാവേറിനെപ്പററി വിവരണങ്ങൾ നൽകുന്നുണ്ട്.

ചാവേററുപട രാജാക്കന്മാരെ സേവിച്ച രീതിയേയും കേരളചരിത്രത്തിന്റെ മദ്ധ്യഘട്ടത്തിൽ അവർ നിർവ്വഹിച്ച പ്രവൃത്തികളേയും പ്രകടമാക്കുന്ന ഏതാനും ചില ചരിത്രസംഭവങ്ങൾ താഴെ കുറിക്കുന്നു:

1504-ൽ ഇടപ്പള്ളിയിൽവച്ച് കൊച്ചിയും കോഴിക്കോടും തമ്മിൽ നടന്ന സമരത്തിൽ മരുമകൻരാജാവുൾപ്പെടെയുള്ള മൂന്നു കൊച്ചിത്തമ്പുരാക്കന്മാർ ചരമംപ്രാപിച്ചു. ഇതറിഞ്ഞയുടനെ മരുമകൻരാജാവിന്റെ അംഗരക്ഷകരായ ഇരുനൂറ് ചാവേർപ്പടയാളികൾ ക്ഷുഭിതരായി തലയും പുരികവും ക്ഷൗരംചെയ്തുകൊണ്ടു സമരരംഗത്തിൽ ഇറങ്ങി. അക്കൂട്ടർ കണ്ണിൽക്കണ്ട ശത്രുക്കളെ മുഴുവൻ കൊന്നൊടുക്കി. ഒടുവിൽ 20 പേർ കോഴിക്കോടിന്റെ പ്രാന്തപ്രദേശങ്ങളിൽ എത്തുകയും ചെയ്തു. സാമൂതിരിയുടെ പടയാളികൾ അവരെ വകവരുത്തിയെങ്കിലും അഞ്ചുകൊല്ലം നീണ്ടുനിന്ന സുദീർഘമായ ഒരു സമരം നടത്തുവാൻ അവർക്കു കഴിഞ്ഞു.

1510-ൽ സാമൂതിരിയുടെ ചാവേററുപട പോർട്ടുഗീസുകാരെ തോല്പിച്ചോടിച്ച കഥ ചരിത്രപ്രസിദ്ധമാണ്. സർദാർ കെ.എം. പണിക്കരുടെ വാക്കുകളിൽ, "പൂർവ്വരംഗത്തിൽ പോർട്ടുഗീസുശക്തിക്കു സംഭവിച്ച ഏററവും കടുത്ത ആഘാതമായിരുന്നു അത്." ആൽബുക്കർക്ക് എന്ന അതിസമർത്ഥനായ പോർട്ടുഗീസുഗവർണ്ണർ തന്റെ ഒരു പടനായകന്റെ ഉപദേശപ്രകാരം, സാമൂതിരി സ്ഥലത്തില്ലാതിരുന്ന തക്കം നോക്കി, കോഴിക്കോട് ആക്രമിച്ചു. സാമൂതിരിയുടെ ഒരു ചെറിയ പട്ടാളം മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അപ്രതീക്ഷിതമായ ആ ആക്രമണം തടുക്കുവാൻ അവർക്കു ശേഷിയുണ്ടായിരുന്നില്ല. വിജയമത്തരായ പോർട്ടുഗീസുകാർ നഗരം കൊള്ളചെയ്യുവാനും കൊട്ടാരത്തിൽ പ്രവേശിക്കുവാനും ആരംഭിച്ചു. ഇതു സാമൂതിരിയുടെ ചാവേററുപടയെ പ്രക്ഷുബ്ധരാക്കി. തുടർന്നു നടന്ന അതിഭീകരമായ സമരത്തിൽ പോർട്ടുഗീസ് അണികൾ മുഴുക്കെ തകർന്നു. ഒരു ചെറിയ സംഘം സഹായികളുമൊത്ത് ആൽബുക്കർക്ക് കഷ്ടിച്ചു രക്ഷനേടി.

മറെറാരവസരത്തിൽ പോർട്ടുഗീസുകാർ വടക്കുംകൂർ രാജാവിനെ ആക്രമിച്ചു. രാജാവു നേരിട്ടുതന്നെ സേനകളെ നയിക്കുകയായിരുന്നു. വടുതലയിൽവച്ചുണ്ടായ സമരത്തിൽ അദ്ദേഹം മൃതിയടഞ്ഞു. സ്വാഭാവികമായിത്തന്നെ ചാവേററുപടയിളകി.

പോർട്ടുഗീസുകാർക്ക് പലായനമല്ലാതെ ഗത്യന്തരമൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടും തൃപ്തരാകാതെ വടക്കുംകൂറിന്റെ ചാവേററുപട കൊച്ചിയിൽ കടന്നാക്രമിച്ചു. പോർട്ടുഗീസുകാരും അവരുടെ സഹായിയായ കൊച്ചിരാജാവും കോട്ടയ്ക്കുള്ളിൽ അഭയം തേടി. വടക്കുംകൂർ രാജാവയച്ച മാപ്പിളമാരടങ്ങിയ മറെറാരു ചാവേററുപട 1501-ൽ കൊച്ചിരാജാവിനെ വധിച്ചു. സിറിയൻക്രിസ്ത്യാനി എന്ന അർത്ഥത്തിലാണ് മാപ്പിള എന്നുപയോഗിച്ചിട്ടുള്ളത്

പോർട്ടുഗീസുകാരുടെ കാലത്തു നടന്ന ഏതാനും ചില സംഭവങ്ങളാണ് മുകളിൽ വിവരിച്ചത്. പോർട്ടുഗീസ് പീരങ്കികൾക്കു മുമ്പിൽ വലിയൊരു സംഘം ചാവേററുയോദ്ധാക്കൾ വീരസ്വർഗ്ഗം പ്രാപിച്ചിരിക്കാനിടയുണ്ട്. ശത്രുക്കളെ തോല്പിക്കാതെ പിന്തിരിയാൻ പാടില്ലെന്ന പൂർവ്വാചാരത്തിനു ശക്തി കുറയാൻ ഇതു കാരണമായിത്തീർന്നു. 1550 കഴിഞ്ഞപ്പോൾ ചാവേർസമ്പ്രദായം അധഃപതിച്ചു തുടങ്ങിയതായി ശൈഖ് സൈനുദ്ദീന്റെ പ്രസ്താവങ്ങളിൽ നിന്നു ഗ്രഹിക്കാം. എങ്കിലും മാർത്താണ്ഡവർമ്മയുടെ കാലത്തോളം ആ സമ്പ്രദായം നിലനിന്നുപോന്നു. കായംകുളം രാജാവും മാർത്താണ്ഡവർമ്മയും തമ്മിൽ നടന്ന സമരത്തിൽ കായംകുളം രാജാവു മൃതിയടഞ്ഞു. പ്രതികാരം നിർവ്വഹിക്കുവാൻ വേണാടിനെതിരായി പുറപ്പെട്ട മുന്നൂറു ചാവേർ യോദ്ധാക്കൾ അന്ത്യത്തോളം പൊരുതി. വേണാടിനു വളരെ നാശങ്ങൾ വരുത്തിക്കൂട്ടി.

സമരത്തിനു മാത്രമല്ല, സമാധാനസംരക്ഷണത്തിനും ചാവേററുസേനയെ ഉപയോഗപ്പെടുത്തിയിരുന്നു. പോർട്ടുഗീസുകാരുടെ എല്ലാ കോട്ടകളിലും ചങ്ങാതമെന്നു പേരുള്ള കൊച്ചുകൊച്ചു ചാവേററുസംഘങ്ങൾ ഉണ്ടായിരുന്നു. കേരളത്തിലെ മിക്ക പ്രധാനക്ഷേത്രങ്ങളോടും അനുബന്ധിച്ച് അവയുടെ സംരക്ഷണകർമ്മം നിർവ്വഹിക്കുവാൻ ഓരോരോ ചങ്ങാതങ്ങൾ* നിയുക്തമായിരുന്നതിനു ലക്ഷ്യങ്ങളുണ്ട്. തേവലക്കരക്ഷേത്രത്തിന്റെ കഥ ഉദാഹരണമായി ഇവിടെ ഉദ്ധരിക്കാം: 1514-ൽ ഡിസൂസ എന്ന കുപ്രസിദ്ധനായ പോർട്ടുഗീസ് ഗവർണ്ണർ സമ്പൽസമൃദ്ധമെന്ന് കീർത്തി നേടിയിരുന്ന തേവലക്കരക്ഷേത്രത്തിനെതിരായി ഒരു ആക്രമണസംഘത്തെ നയിച്ചു. പന്തീരായിരം പവൻ നല്കാമെന്ന ക്ഷേത്രാധികാരികളുടെ വാഗ്ദാനത്തെ തിരസ്കരിച്ചുകൊണ്ട് ക്ഷേത്രം കൊള്ള ചെയ്യുവാൻതന്നെ ഡിസൂസ തീരുമാനിച്ചു. തദവസരത്തിൽ ക്ഷേത്രസംരക്ഷണത്തിനു നിയുക്തമായിരുന്ന രണ്ടു ചങ്ങാതങ്ങളിൽ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. ഡിസൂസ നിർബ്ബാധം കൊള്ള നടത്തി. അയാൾ മടങ്ങുവാനാരംഭിച്ചപ്പോൾ അപ്രതീക്ഷിതമായി സശ്രദ്ധം അണിഞ്ഞൊരുങ്ങിയ ഒരു നായർ പത്തുപന്ത്രണ്ടു അനുയായികളോടുകൂടി പോർട്ടുഗീസ് അണികളിൽ ചാടിവീണു. വിദേശീയർ ക്ഷേത്രത്തിനു വരുത്തിവച്ച കളങ്കം അവർ ആത്മാഹുതികൊണ്ട് തുടച്ചുകളഞ്ഞു.

*പതിന്നാലാം ശതകത്തിൽ മുസ്ലിങ്ങൾ മധുര വാണിരുന്നപ്പോൾ 'തുലിന്നൻ പട' പർവ്വതത്തിനു പടിഞ്ഞാറുവശം കടന്നു വേണാട്ടിലെ ക്ഷേത്രങ്ങൾ നശിപ്പിച്ചതിനെത്തുടർന്നാണ് ക്ഷേത്രങ്ങൾ തോറും ചങ്ങാതങ്ങൾ സ്ഥാപിച്ചത്.

ഇന്നത്തെ രീതിയിലുള്ള പോലീസ്സമ്പ്രദായം നടപ്പിലാകുന്നതുവരെ യാത്രക്കാരെ അപഹരണഭീതികൂടാതെ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തു കൊണ്ടാക്കുക എന്ന ജോലിയും ചങ്ങാതം നിർവ്വഹിച്ചിരുന്നു.

**മാമാങ്കച്ചാവേർ**

വിദേശസഞ്ചാരികളിൽ പലരുടേയും വർണ്ണനയ്ക്കു വിഷയമായിത്തീർന്നിട്ടുള്ള 'മാമാങ്കച്ചാവേർ' പ്രസിദ്ധമാണല്ലോ. മാമാങ്കത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാനുള്ള അവകാശം ഒരു കാലത്തു വള്ളുവക്കോനാതിരിക്കായിരുന്നു. വെള്ളാട്ടിരി, ആറങ്ങോട്ടുടയവർ, ആറങ്ങോടൻ, ചാത്തൻകോത, രായിരൻചാത്തൻ, വല്ലഭൻ എന്നെല്ലാം പറയാറുള്ളതും വള്ളുവനാട്ടുടയവരെത്തന്നെ. സാമൂതിരി തിരുമലശ്ശേരി നമ്പൂതിരിയുടേയും കോഴിക്കോട്ടു കോയയുടേയും കല്പകശ്ശേരി തമ്പ്രാക്കളുടേയും മററും സഹായത്തോടെ വെള്ളാട്ടിരിയെ തോല്പിച്ച്, മാമാങ്കം നടത്താനുള്ള അവകാശം കരസ്ഥമാക്കി. അക്കാലത്തു കേരളത്തിൽ പല നമ്പൂതിരിരാജാക്കന്മാരും ഉണ്ടായിരുന്നവരിൽ പ്രമാണിയായിരുന്നു തിരുമലശ്ശേരിനമ്പൂതിരി. പൊന്നാനിക്കും പൂക്കൈതയ്ക്കും ഇടയ്ക്കു സമുദ്രതീരത്തുള്ള 146 ദേശങ്ങളാണ് അദ്ദേഹം ഭരിച്ചിരുന്നത്. പന്നിയൂർകൂറുകാരുടെ തലവനായിരുന്ന തിരുമലശ്ശേരിക്കു ചൊവ്വരക്കൂറുകാരുടെ കക്ഷിക്കാരായ വെള്ളാട്ടിരിയോടും കൊച്ചിരാജാവിനോടും തീരാത്ത വിരോധമുണ്ടായിരുന്നു. നമ്പൂതിരിയുടെ രാജ്യത്തിനടുത്തുള്ള തിരുനാവാ, ശുകപുരം തുടങ്ങിയ സ്ഥലങ്ങൾ അക്കാലത്തു വളവനാട്ടു രാജ്യത്തു പെട്ടിരുന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളുൾപ്പെടെ ചൊവ്വരക്കൂറുകാരുടേയും പെരുമ്പടപ്പുസ്വരൂപക്കാരുടെയും അതായത് കൊച്ചിരാജവംശത്തിന്റെയും സഹായം വെള്ളാട്ടിരിക്കുണ്ടായിരുന്നുവെന്നു തോന്നുന്നു. ഹിന്ദുമതാദ്ധ്യക്ഷന്മാരായി പൊതുവേ ഗണിച്ചിരുന്നതു പെരുമ്പടപ്പുകാരെയായിരുന്നുവെന്നതുകൊണ്ടു

നമ്പൂതിരിമാരിൽ വലിയൊരു വിഭാഗം ആ വശത്തായിരുന്നു. ഇങ്ങനെ തുല്യബലമുള്ള രണ്ടു കക്ഷികൾ തമ്മിലാണ് 13-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഏററുമുട്ടിയത്. യുദ്ധം കുറേക്കാലം നീണ്ടുനിന്നു. ഒടുവിൽ വെള്ളാട്ടിരി തോല്ക്കയും തിരുനാവാ ഉൾപ്പെടെ രാജ്യത്തിൽ വലിയൊരു ഭാഗം സാമൂതിരിക്കു വിട്ടുകൊടുക്കയും ചെയ്തു. അന്നുമുതൽ മാമാങ്കത്തിൽ നിലപാടുനില്ക്കാനുള്ള അ[illegible]ം സാമൂതിരിക്കായി.

കർക്കടകവ്യാഴത്തിൽ ചിലപ്പോൾ ചിങ്ങവ്യാഴത്തിലും—പുഷ്യമാസത്തിലെ പൂയം നക്ഷത്രത്തിലാരംഭിച്ച മാഘമാസത്തിലെ മകത്തിൽ അവസാനിക്കുന്ന 30 ദിവസത്തെ ഉത്സവമാണ് മാമാങ്കം. മാഘമകംതന്നെ ക്രമേണ മാമാകവും മാമാങ്കവും ആയിത്തീർന്നത്. 15-ാം ശതകം വരെ മാമാക്കം എന്നല്ലാതെ മാമാങ്കം എന്നു പറഞ്ഞിരുന്നില്ല എന്നാൽ പതിനേഴാംശതകത്തിലുണ്ടായ മാമാങ്കം പാട്ടിൽ മാമാങ്കം എന്ന രൂപമാണു കാണുന്നത്. മാമാങ്കത്തിന്റെ വിപുലമായ ചടങ്ങുകൾ ആ പാട്ടിലും വിദേശീയരുടെ വിവരണങ്ങളിലുംനിന്നു മനസ്സിലാക്കാം. മങ്ങാട്ടച്ചൻ തുടങ്ങിയ മന്ത്രിപ്രവരൻമാരോടും കോഴിക്കോട്ടു തലച്ചെന്നവർ തുടങ്ങിയ പടത്തലവൻമാരോടും ഏറനാട്ടു മുപ്പതിനായിരം, പോളനാട്ടു പതിനായിരം തുടങ്ങിയ സേനാസമൂഹങ്ങളോടുംകൂടി പേരാർതീരത്തു തിരുനാവായിൽ സാമൂതിരി എഴുന്നള്ളിത്താമസിക്കുകയും, നിത്യവും രാവിലെ വയറാട്ടവും കുളിയും തേവാരവും കഴിഞ്ഞു 'നിലപാടു' നില്ക്കുകയും ചെയ്യും. കേരളത്തിലെ രാജാക്കൻമാരെല്ലാം അടിമക്കൊടികൾ കൊടുത്തയയ്ക്കണമെന്നാണു വയ്പ്. എന്നാൽ ഏതോ ഒരു ഒത്തുതീർപ്പിന്റെ ഫലമായി അടിമയാക്കി അയയ്ക്കുന്നതിൽനിന്നു വെള്ളാട്ടിരിയെ മോചിപ്പിച്ചിരുന്നു. ഏതാനും ചാവേറുകളെ അയച്ച് നിലപാടുനില്ക്കുന്ന സാമൂതിരിയെ വെട്ടിക്കൊല്ലാൻ ശ്രമിക്കാനുള്ള അവകാശവും വള്ളുവക്കോനാതിരിക്കു ലഭിച്ചിരുന്നു. അങ്ങനെ സാമൂതിരിയെ വധിച്ചാൽ മാമാങ്കത്തിൽ ആദ്ധ്യക്ഷ്യം വഹിക്കാനുള്ള അധികാരം സ്വയം ഒഴിഞ്ഞുകൊടുത്തുകൊള്ളാമെന്നായിരുന്നു കരാർ. പുതുമനപ്പണിക്കരുടെ നേതൃത്വത്തിൽ വള്ളുവനാട്ടിലെ നാലു നായർഭവനങ്ങളിലെ യുവാക്കൻമാരാണ് സാധാരണ പോകാറുണ്ടായിരുന്നത്. അമ്പതിനായിരത്തിൽ കുറയാതുള്ള സാമൂതിരിയുടെ സേനാവ്യൂഹത്തിനിടയിൽക്കൂടി വെട്ടിയും കൊന്നും ചത്തും സാമൂതിരി നിലപാടു നില്ക്കുന്ന സ്ഥലത്തെത്താൻ ശ്രമിച്ചിരുന്ന ഈ ചാവാളരെയാണു മാമാങ്കച്ചാവേർ എന്നു പറയാറുള്ളത്. വലിയൊരു സൈന്യത്തിനു ബലിയായി കുറെ യുവാക്കൻമാരെ അർപ്പിച്ചിരുന്ന ഈ ഏർപ്പാടിനെ ഒരു സത്യാഗ്രഹമായി കരുതിയാൽ മതി. സ്ഥാനം നഷ്ടപ്പെട്ട വെള്ളാട്ടിരി തന്റെ പ്രതിഷേധം പ്രകടിപ്പിക്കാൻ എത്രയെത്ര തരുണൻമാരെയാണ് ഇങ്ങനെ ബലികൊടുത്തിട്ടുള്ളതെന്നോർക്കുമ്പോൾ, പൈശാചികമായ ഈ ആചാരം അവസാനിപ്പിക്കാൻ സഹായിച്ച ഹൈദരുടെ ആക്രമണം ഒരനുഗ്രഹമായിത്തന്നെ ഗണിക്കണം. രാജാക്കൻമാർക്കുവേണ്ടി മരിച്ചാൽ സ്വർഗ്ഗം കിട്ടുമെന്ന വിശ്വാസവും വിദ്യാഭ്യാസമില്ലായ്മയും മൂലമാണ് ഇമ്മാതിരി നരബലിക്കു സ്വയം പ്രേരിതരായിത്തീരുന്നത്. സാമ്പത്തികമായ പരാധീനതയും തൻമൂലം വന്നുചേർന്ന മാനസികമായ അടിമത്തവുംനിമിത്തം ആ കുടുംബക്കാർക്ക് അതിൽനിന്നു പിൻമാറാനും നിവൃത്തിയുണ്ടായിരുന്നില്ല.

കേരളചരിത്രം നിരവധി സാഹസികകർമ്മങ്ങളുടേയും വീരകഥകളുടേയും പുളകപ്രദമായ ഒരു സമാഹാരമാണ്. വർത്തമാനത്തിന്റെ ദൈന്യതകളെച്ചൊല്ലി വിഷാദനിമഗ്നരായിക്കഴിയുന്ന ഇന്നത്തെ കേരളീയർക്ക് ഭൂതകാലത്തിന്റെ വിഭൂതികൾ ഒട്ടൊക്കെ ആവേശപ്രദങ്ങളായിരിക്കും. പ്രകാശഭാസുരമായ ഒരു പാരമ്പര്യം നമുക്കു സ്വായത്തമാണെന്ന വസ്തുത ഒരുപക്ഷേ, ഭാവിയുടെ സൃഷ്ടിയിൽ ഉത്സാഹപൂർവ്വം പങ്കുകൊള്ളുവാൻ നമുക്കു പ്രചോദനം നല്കിയേക്കാം. ചാവേററുപടയുടെ ഈ ലഘുചരിത്രം ആ ഒരു പശ്ചാത്തലത്തിൽ വേണം നാം വീക്ഷിക്കുവാൻ. മരണത്തിന്റെ മുമ്പിൽ പുഞ്ചിരിപൊഴിക്കുവാൻ അവർക്കേതും ധൈര്യക്കുറവുണ്ടായില്ല. ഇഹലോകബന്ധങ്ങൾ മുഴുക്കെ ധീരമായി തിരസ്കരിച്ചിട്ട്, മാതൃഭൂമിയുടെ മഹനീയതയെ അന്ത്യത്തോളം ഉയർത്തിപ്പിടിക്കുവാൻ ശ്രമിച്ച ആ ധീരയോദ്ധാക്കൾ അവരുടെ ആത്മാഹുതികൊണ്ട് മൃത്യുവിനെ മധുരീകരിക്കുകയാണു ചെയ്തത്.

(1947-ൽ ബോംബെയിൽവച്ചു കൂടിയ ഇന്ത്യൻ ഹിസ്ററി കോൺഗ്രസ്സിൽ വായിച്ച; 'The Suicide Squads of Ancient Kerala' എന്ന ലേഖനത്തെ ശ്രീ.കെ. രാമചന്ദ്രൻ എം.എം. സംഗ്രഹിച്ചത്)

## 7.2 പാഠസംഗ്രഹം.

മരണം ക്ഷണിക്കപ്പെടാത്ത അതിഥിയല്ല ചാവേററുപടയെ സംബന്ധിച്ചിടത്തോളം. അനുപമമായ ദേശഭക്തിയാൽ പ്രചോദിതരായ ആ വീരൻമാർ മരണത്തെ സ്വയം വരിക്കുകയാണ് ചെയ്യുന്നത്. ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ ചാവേററുപടയ്ക്ക് വളരെ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട്. സ്വയം ബലിയർപ്പിക്കാൻ മുന്നോട്ടു കുതിക്കുന്ന

ചാവേററുപട കരബലം കൊണ്ടാണ്, ആയുധബലം കൊണ്ടല്ല- സമര ഭൂമിയെ പ്രകമ്പനം കൊള്ളിച്ചിരുന്നത്. വിജയം കണ്ടേ മടങ്ങൂ എന്നാണ് ഈ ആത്മഹത്യാസംഘത്തിൻെറ പ്രതിജ്ഞ. പക്ഷെ അത് കേവലം വ്യാമോഹമായേ പര്യവസാനിക്കാറുള്ളൂ. അവർ സ്വയം ഒടുങ്ങി വീരസ്വർഗ്ഗം വരിക്കുകയാണ് ചെയ്യുന്നത്. തുർക്കിയിലെ ജാനിസ്സറികളും, ഈജിപ്തിലെ മാലേക്കുകളും 'ചാവേററുപട' യുടെ പിൻതുടർച്ച അവകാശപ്പെടാവുന്നവരാണ്. പക്ഷെ അവരുടെ ആത്മത്യാഗം പരപ്രേരണയാലായിരുന്നു,തന്നെയല്ല അവർ അടിമകളുമായിരുന്നു. കേരളത്തിലെ ചാവേററുപട വീരന്മാരായിരുന്നു. അവരുടെ ആത്മാഹൂതിക്ക് ദേശീയമായ അംഗീകാരമുണ്ടായിരുന്നു. ചാവേററുപടയിലെ രക്തസാക്ഷികൾക്ക് ചാവേററു വരുത്തി-കരമൊഴിവായ ഭൂമി- എന്ന രാജകീയ ആനുകൂല്യവും ഉണ്ടായിരുന്നു. പയ്യന്നൂർപട്ടോല, ഗൗരീചരിതംചമ്പു, ചോളപുരം ശാസനം എന്നിവയിലെല്ലാം ചാവേററുപടയെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. പതിനൊന്നാം ശതകം മുഴുവൻ നീണ്ടുനിന്ന ചേരചോള യുദ്ധകാലത്ത് ചോളരെ പലായനം ചെയ്യിക്കാനാണ് ആത്മഹത്യാസംഘം രൂപം കൊണ്ടത്. രാമവർമ്മ രാജാവിൻെറ കാലത്ത്, 1504 ൽ ഇടപ്പള്ളിയിൽവച്ചുണ്ടായ കൊച്ചി-കോഴിക്കോട് യുദ്ധത്തിൻെറ അന്ത്യവും കൊച്ചി രാജാവിൻെറ ചാവേർപ്പടയുടെ ആവിർഭാവത്തോടുകൂടെ യായിരുന്നു. 1510-ൽ സാമൂതിരിയുടെ ചാവേർപ്പട ആൽബുക്കർക്ക് നേതൃത്വം കൊടുത്ത പോർത്തുഗീസ് പടയെതോൽപ്പിച്ചു. 1561-ൽ വടക്കുംകൂറിൻെറ മാപ്പിളമാർ അടങ്ങിയ ചാവേററുപട കൊച്ചീരാജ്യം ആക്രമിച്ച് രാജാവിനെ വധിച്ചു. 1550 നു ശേഷം ചാവേററുപടയുടെ തിളക്കം കുറഞ്ഞു. മാർത്താണ്ഡവർമ്മയുടെ കാലം വരെ ആ സമ്പ്രദായം നിലനിന്നു. പോർട്ടുഗീസുകാർ കോട്ടകാവലിനും, ഈ സംഘത്തെ നിയോഗിച്ചിരുന്നു. 'ചങ്ങാത' മെന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്.

'മാമാങ്ക'വുമായി ബന്ധപ്പെടുത്തിയാണ് 'ചാവേറുപട' യുടെ ആധുനിക ചരിത്രം ആരംഭിക്കുന്നത്. മാമാങ്കത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനുള്ള അവകാശം വള്ളുവക്കോനാതിരിയ്ക്കായിരുന്നു. സാമൂതിരി തന്ത്രപരമായി ആ അവകാശം പിടിച്ചെടുത്തു. ചാവേറുകളെ അയച്ച്നിലപാടു നിൽക്കുന്ന സാമൂതിരിയെ വധിക്കാനുള്ള അവകാശം വള്ളുവക്കോനാതിരിക്ക് ലഭിച്ചു, വള്ളുവനാട്ടിലെ നായർ ഭവനങ്ങളിലെ നാലു യുവാക്കൾ അരലക്ഷത്തോളം വരുന്ന സേനാവ്യൂഹ ത്തിനിടയിലൂടെ വെട്ടിയും, കൊന്നും ചത്തും, സാമൂതിരി നിലപാട് നിൽക്കുന്നതിനടുത്തെതിയിരുന്നുവെന്നാണ് ഐതിഹ്യം.

ഈ ലോകത്തെ സുഖജീവിത സൗകര്യങ്ങൾ വിസ്മരിച്ച്, പരലോകത്തിൻെറ അജ്ഞേയ തീരങ്ങളിലേക്ക് ഉറച്ച കാൽവെപ്പുകളോടും, സ്ഥിരപ്രജ്ഞയോടും കൂടി വർഷാവർഷം കടന്നു ചെന്നിരുന്ന 'ചാവേർപ്പട' അവരുടെ ആത്മാഹൂതികൊണ്ട് മൃത്യുവിനെ മധുരീകരിച്ചു.

## 7.3 പദബോധനം.

1. ചാവേററുപട:- ചാവ് + ഏററ് + പട
ചാവ് (മരണം) ഏററുവാങ്ങുന്ന പട എന്നർത്ഥം. മലയാള പദങ്ങൾ സംസ്കൃതരീതിയിൽ സമാസിച്ചിരിക്കുന്നു.

2. കരബലം:- കര+ബലം = കരത്തിൻെറ ബലം, സംബന്ധികാതൽപുരുഷൻ.

3. ആത്മഹത്യാസംഘം:- ആത്മ + ഹത്യ + സംഘം = സ്വയം കൊല്ലുന്ന കൂട്ടം. ആത്മഹത്യയ്ക്കുള്ള സംഘം, ഉദ്ദേശികാ തൽപുരുഷൻ

4. രാജകീയാനുകൂല്യങ്ങൾ:- രാജകീയ + ആനുകൂല്യങ്ങൾ.
'രാജൻ' ശബ്ദത്തോട് തദ്ധിത പ്രത്യയം ചേർത്തുണ്ടാക്കിയ രൂപമാണ് രാജകീയം. അനുകൂല്യമാക്കുക എന്നർത്ഥത്തിലുള്ള അനുകൂലനം എന്നതിൻെറ തദ്ധിത രൂപമാണ് ആനുകൂല്യം. ഭരണകൂടം അഥവാ രാജാവ് ഔദാര്യപൂർവം നൽകുന്ന ദാനമെന്നാണ് വിവക്ഷ.

5. തൃണവൽഗണിച്ചുകൊണ്ട്:- തൃണവൽ+ ഗണിച്ച് + കൊണ്ട്.
തൃണവൽ, തൃണം എന്ന നാമപദത്തോട് 'വത്' എന്ന പ്രത്യയം 'പോലെ ' എന്ന അർത്ഥത്തിൽ ചേർത്തിരിക്കുന്നു. കണക്കാക്കുക എന്നർത്ഥത്തിലുള്ള 'ഗണ്'ധാതുവിനോട് മലയാളത്തിലെ ഭൂതകാല

പ്രത്യയമായ 'തു' ചേർന്നു. 'തു' വിനു് 'ച' ആദേശം വന്ന് 'ഗണിച്ചു' എന്നു രൂപം. അതിന്റെ പിൻവിനയച്ച രൂപത്തോട് അനുപ്രയോഗം ചേർന്ന രൂപമാണിവിടെ കാണിച്ചിരിക്കുന്നത്.

നിസ്സാരമാക്കികൊണ്ട്, പുല്ലുപോലെ കണക്കാക്കികൊണ്ട് എന്നാണ് വിവക്ഷ.

## പുരോഗതി സ്വയം പരിശോധിക്കുക: 1

**വിട്ടുപോയത് സ്വയം പൂരിപ്പിക്കുക**

1. പ്രാചീനകാലങ്ങളിൽ യുദ്ധം ഏറിയകൂറും മനുഷ്യന്റെ വ്യക്തിപരമായ ...................... ആധാരമാക്കി നിർവ്വഹിക്കപ്പെട്ടിരുന്നു

2. ...................... എന്നാണ് ഈ ഭൂമിയുടെ പേർ.
3. ചെറിയ ചാവേററു സംഘങ്ങൾക്ക് പറഞ്ഞു വന്നിരുന്ന പേരാണ് ......................

4. ...................... കാലം പതിമൂന്നാം ശതകമായിരിക്കണം.

5. ചാവേറിനെക്കുറിച്ചുള്ള അതിപ്രാചീനമായ പരാമർശം കുലോത്തുംഗന്റെ ...................... പറയുന്നതിൽ തെററില്ല.

6. ഒന്നാം ശതകം മുഴുവൻനീണ്ടുനിന്ന ചേരചോള യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ ................................ ഓടിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു ................................ രൂപീകരിച്ചത്.

7. ................................ ൽ സാമൂതിരിയുടെ ചാവേററുപട പോർട്ടുഗീസുകാരെ തോൽപ്പിച്ചോടിച്ച കഥ ചരിത്ര പ്രസിദ്ധമാണ്.

8. മാഘമകം തന്നെ ക്രമേണ ...................... ആയിത്തീർന്നത്.

## 7.5 വിഷയാവതരണം.

ജനാധിപത്യം മനോഹരമായ ഒരു സങ്കൽപ്പമാണ്. വർഗാധിപത്യമോ, വംശാധിപത്യമോ നിലനിൽക്കുന്ന നാട്ടിലേക്കാം സ്വാതന്ത്ര്യം ഈ ഭരണസമ്പ്രദായത്തിൽ അനുഭവപ്പെടുന്നു. കൂട്ടായശക്തിയിലും, കഴിവിലും വിശ്വാസമർപ്പിച്ചാൽ മാത്രമേ ഈ സമ്പ്രദായത്തെ നിലനിർത്താനാവൂ. അധികാരപ്രമത്തത ഭരണാധികാരികളെ കടന്നാക്രമിച്ചാൽ ജനാധിപത്യ സ്വഭാവം ഭരണത്തിൽ പ്രതിഫലിക്കാതെ വരും. സ്വേച്ഛാധിപത്യത്തെക്കാം മോശമായ ഒരു അന്തരീക്ഷം അത് സൃഷ്ടിക്കുകയും ചെയ്യും. പരസ്പരം മാനിക്കുകയും, അന്യരുടെ കഴിവിനെ അംഗീകരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന് മാത്രമേ ജനാധിപത്യത്തെ നിലനിർത്താൻ സാധിക്കുകയുള്ളൂ. ലിഖിതമോ, അലിഖിതമോ ആയ ഒരു ഭരണഘടനയിലൂടെ ഒരു രാജ്യത്തിന് ഭരണരംഗത്ത് ജനാധിപത്യ സ്വഭാവം പ്രതിഫലിപ്പിക്കുവാൻ സാധിക്കും. ജനാധിപത്യം നിലനിന്നു കാണണമെന്ന് ആഗ്രഹിക്കുന്ന ഓരോ പൗരനും, ജനാധിപത്യത്തിന്റെ മറവിലൂടെ സ്വേച്ഛാധിപത്യം നുഴഞ്ഞു കയറുന്നതിനെതിരെ ജാഗരൂകത പുലർത്തണമെന്നാണ് ആ വിഷയങ്ങളിൽ അറിവുള്ളവർ അഭിപ്രായപ്പെടുന്നത്. എം.ഗോവിന്ദൻ എഴുതിയ 'ജനാധിപത്യം നമ്മുടെ നാട്ടിൽ' എന്ന ചിന്തോദ്ദീപകമായ ലേഖനം ആ വസ്തുതയുടെ നേരെ വിരൽ ചൂണ്ടുന്നു.

എം. ഗോവിന്ദൻ.

## പാഠം-2 ജനാധിപത്യം നമ്മുടെ നാട്ടിൽ

ഭാരതത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യഭരണസമ്പ്രദായം ഒരിറക്കുമതിച്ചരക്കാണ്. ഇതു കേൾക്കുമ്പോൾ ചിലർക്കൊക്കെ മനോവൈക്ളബ്യമുണ്ടാകാനിടയുണ്ട്. എല്ലാ നല്ല കാര്യങ്ങളും വസ്തുക്കളും പിറവിയെടുത്തത് അതിമനോഹരവും പുരാതനവുമായ ഈ പുണ്യഭൂമിയിൽനിന്നാണെന്ന് കരുതുന്നവർക്ക്, വിശേഷിച്ചും വിമാനം, ആററംബോംബ്, പരിണാമസിദ്ധാന്തം, കമ്മ്യൂണിസം മുതലായ ഇന്നു ലോകത്തിൽ കാണുന്ന സർവ്വതും പണ്ടുപണ്ടേ ഇവിടെയുണ്ടായിരുന്നുവെന്നും കുറേ വിദേശീയർ വന്ന് ഇവിടെ നിന്നും അവ അപഹരിച്ചെടുത്തതാണെന്നും നേരമ്പോക്കായിട്ടല്ല, കാര്യമായിട്ട് പ്രസ്താവിക്കാറുള്ള പ്രവാചകൻമാർ ഒട്ടധികമുണ്ട് ഈ നാട്ടിൽ.അവരുടെ ദേശീയാഹന്തയെ ക്ഷതപ്പെടുത്തണമെന്ന് എനിക്ക് മോഹമില്ല. പക്ഷേ അനാവശ്യമായി ഊതിവീർപ്പിച്ച ഊററം നിലനിർത്തുവാൻവേണ്ടി കാര്യം തുറന്നുപറയാതിരുന്നുകൂടല്ലോ.

ഇന്ത്യൻ ഭരണഘടനയെടുത്ത് ഒന്നോടിച്ചു വായിച്ചാൽമതി നമുക്ക് സംഗതിയുടെ സുവ്യക്തരൂപം മനസ്സിലാക്കാൻ. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് തുടങ്ങിയ പല പാശ്ചാത്യനാടുകളിലേയും ഭരണഘടനയുടെ സ്വാധീനത ഇന്ത്യൻ ഭരണഘടനയിലുണ്ട്. ആ രാജ്യങ്ങളിലെ ജനാധിപത്യവഴക്കങ്ങളും. ഇവയൊന്നും മൗര്യസാമ്രാജ്യത്തിൽനിന്നോ അശോക കാലത്തിൽനിന്നോ സ്വീകരിച്ചതല്ല. ഈ കടമെടുപ്പിൽ ലജ്ജാകരമായി യാതൊന്നുമില്ലതാനും. റൂസ്സോയും, കൻടോർസെയും, ജാഫെഴ്സനും, ടോക്വിവില്ലിയും, തോപെയ്നും, മററും ഒരു കണക്കിൽ വെറും പരദേശികളല്ല, മഹാൻമാരായ മനുഷ്യസ്നേഹികളാണ്. മാത്രമല്ല നിരവധി ദശാബ്ദങ്ങളോളം നീണ്ടുനിന്ന വിദേശവാഴ്ച്ചയ്ക്ക് നമ്മുടെ മാതൃഭൂമി വിധേയയായിരുന്നില്ലെങ്കിൽ ഒരുപക്ഷേ വളരേ മുമ്പുതന്നേ നാം ഒരു ഭരണഘടനയുണ്ടാക്കുകയും അതു മററുപലരും കോപ്പിയടിക്കാൻ ഇടവരുകയും ചെയ്യുമായിരുന്നില്ലെന്നു ആർക്കു പറയാം?

ഒരു ജനാധിപധ്യ റിപ്പബ്ളിക്ക് എന്ന നിലയിൽ തുലോം പ്രായം കുറഞ്ഞ ഒരു രാഷ്ട്രമാണ് ഭാരതം. ഭാരതം ദേശീയസ്വാതന്ത്ര്യം നേടിയിട്ട് കാലമേറേക്കഴിഞ്ഞിട്ടില്ല. സ്വാതന്ത്രവുംപരമാധികാരവുമുള്ള ജനാധിപധ്യറിപ്പബ്ളിക്കായത് പിന്നേയും സ്വല്പം വർഷങ്ങൾക്കുശേഷം മാത്രമാണ്. എന്നിട്ടും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ഇന്ത്യയ്ക്ക് എടുത്തുപറയത്തക്ക നേട്ടങ്ങളുണ്ടായി: ഈ വസ്തുതയിൽ ന്യായമായും നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. മറുനാടുകളിൽ ഇന്ത്യയുടെ പദവിയും പ്രസിദ്ധിയും ഉയർന്നുവന്നിരിക്കുന്നു. പൗരസ്ത്യപ്രദേശത്തെ അതിഗംഭീരമായ ജനാധിപത്യപരീക്ഷണശാലയായി നമ്മുടെ രാജ്യം പരിഗണിക്കപ്പെട്ടുവരുന്നുമുണ്ട്. ആ പരീക്ഷണത്തിൻെറ ഫലം പലരും സോൽക്കണ്ഠം വീക്ഷിച്ചുകൊണ്ടേയിരിക്കുന്നു. ഇന്ത്യയിലെ ജനാധിപത്യത്തെ വിജയിപ്പിക്കാൻ ധനസഹായവും സാങ്കേതികോപദേശവും മററും നൽകുന്നതിന് ലോകത്തിലെ രാജ്യങ്ങൾ മൽസരിച്ച് മുന്നോട്ടു വരുന്നു എന്ന കാര്യത്തിൽ അധികാരച്ചേരികൾ തമ്മിൽ യോജിപ്പാണ്. നമ്മുടെ നാട്ടിലെ വ്യവസായികവികാസം, വിദ്യാഭ്യാസാഭിവൃദ്ധി, സാമൂഹ്യസേവനം, സാംസ്കാരികോൽക്കർഷം എന്നീ വിഷയങ്ങളിലെല്ലാം വിദേശനാടുകൾക്ക് വിശേഷാൽ താൽപര്യം ഉണ്ട്. ഈ താല്പര്യത്തിന് പിറകിൽ സ്വാർത്ഥപ്രതിപത്തിയും സാമ്പത്തികവും രാഷ്ട്രീയവുമായ ഗൂഢോദ്ദേശങ്ങളും ഉണ്ടെന്നും കേൾക്കുന്നു. അത് ശരിയോ തെറേറാ ആവാം. ഏതായാലും നമ്മുടെ കാര്യത്തിൽ നാം മാത്രമല്ല മററുപലരും തല്പരരാണ് എന്നതാണ് വാസ്തവം. ഇന്ത്യയിലെ ജനാധിപത്യത്തെ വളർത്താൻ മറുനാട്ടുകാർ കാണിച്ചുവരുന്നിടത്തോളം താല്പര്യം മറെറാരിടത്തും അവർ പ്രദർശിപ്പിച്ചിട്ടില്ലെന്നു തോന്നുന്നു. വിപ്ളവാനന്തര ഫ്രാൻസിന് അയൽ രാജ്യങ്ങളുടെ എതിർപ്പും നിസ്സഹകരണവുമാണ് അനുഭവിക്കേണ്ടി വന്നത്. ആരംഭദശയിൽ അമേരിക്കൻ ഐക്യനാടുകൾക്കും പറയത്തക്ക യാതൊരാനുകൂല്യങ്ങളും ആരിൽനിന്നും ലഭിച്ചിരുന്നില്ല. റഷ്യയ്ക്ക്, വിപ്ളവം ആരംഭിച്ചതോടെതന്നെ, അതിഭയങ്കരമായ ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ സമരങ്ങളെ ചെറുത്തുനിൽക്കുകയും അതിജീവിക്കുകയും ചെയ്യേണ്ടിവന്നു. ആധുനിക ചൈനയാവട്ടെ, പല സുശക്തരാഷ്ട്രങ്ങളുടേയും അംഗീകാരം ലഭിക്കാതെ വിഷമിച്ചു. ഇത്തരത്തിലുള്ള ദുരവസ്ഥ ഇന്ത്യയ്ക്ക് നേരിടേണ്ടിവന്നില്ല. അധീശരാജ്യമായിരുന്ന ബ്രിട്ടൻപോലും ഒരുവിധ മര്യാദയിൽ കരാറും കയ്യൊപ്പും വെച്ച്, വലിയ ബഹളത്തിനൊന്നും മുതിരാതെ, ഒഴിഞ്ഞു മാറുകയാണ് ചെയ്തത്. അത് അധികാരവർഗ്ഗത്തിൻെറ സന്മനസ്സുകൊണ്ടല്ല; നമ്മുടെ സമരരീതിയുടെ സവിശേഷത്വംകൊണ്ടുതന്നെയെന്നു വേണമെങ്കിൽ വിശ്വസിക്കുക. അതേസമയത്ത്, കോളണികൾ കൊണ്ടുനടക്കാൻ സാധ്യമല്ലാത്തവിധത്തിലുള്ള അവസ്ഥാവിശേഷം രണ്ടാം ലോകമഹായുദ്ധശേഷം ബ്രിട്ടനുമുണ്ടായിരുന്നു. നമ്മെപ്പോലെ ആത്മീയവീര്യവും സുശിക്ഷിതമായ സ്വാതന്ത്ര്യസമരപാരമ്പര്യവും ഇല്ലാത്ത ബർമ്മ, സിലോൺ എന്നീ നാടുകളും അക്കാലത്തുതന്നെ സ്വാതന്ത്ര്യം നേടി. ബർമ്മ നമ്മേക്കാൾ ഒരടി മുമ്പോട്ടു പോയി. ആ രാജ്യം കോമൺവെൽത്തുമായുള്ള ബന്ധംപോലും അറുത്തുകളഞ്ഞു.

പഴയ ഇന്ത്യാഭൂഖണ്ഡം—അത് സായിപ്പു സാക്ഷാൽക്കരിച്ചതായിരുന്നു—വിഭജിക്കപ്പെട്ടു. തുടർന്നുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങൾ സ്വാതന്ത്ര്യോദയത്തെ രക്തരൂക്ഷിതമാക്കി; ഈ ഒരൊററ വിപര്യയം മാത്രമേ സ്വാതന്ത്ര്യത്തിൻെറ മധുരിത കാലഘട്ടത്തിൽ മങ്ങലുണ്ടാക്കിയിട്ടുള്ളു. ആ ദുഃസ്വപ്നത്തെയും നമ്മൾ ഏറെക്കുറെ അതിജീവിച്ചുവെന്നു പറയാം; അതായത് അനഭിലഷണീയമായി കരുതിവന്ന ആ സംഭവവികാസവുമായി നാം ഏറെക്കുറെ പൊരുത്തപ്പെട്ടു. പിന്നീട്, ഇന്ത്യയിൽ ശല്യമുണ്ടാക്കാൻ കഴിവുള്ള ഒരു വർഗ്ഗം നാട്ടുരാജാക്കന്മാരായിരുന്നു. സർദാർ പട്ടേലിൻെറ കർമ്മകുശലതയ്ക്ക് നന്ദി പറയുക; വലിയ വൈഷമ്യമൊന്നും കൂടാതെ, അവരേയും നിലയ്ക്കിരുത്താൻ സാധിച്ചു. മറെറാരു തലവേദനയുണ്ടായിരുന്നതും ഒട്ടുമുക്കാലും പരിഹരിച്ചു കഴിഞ്ഞിരിക്കുന്നു, ഭാഷാസംസ്ഥാനരൂപവൽക്കരണം. ഇതിനിടയിൽ, സാമ്പത്തികരംഗത്തിലും

ശ്രദ്ധചെലുത്താൻ നാം അമാന്തിച്ചില്ല. ആസൂത്രണം ചെയ്ത പഞ്ചവത്സര പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണല്ലോ നാമിപ്പോൾ. ഇദാനീന്തന ചരിത്രത്തെക്കുറിച്ച് ഇത്രയും പ്രസ്താവിച്ചതിനു പ്രസക്തിയുണ്ട്. പൊതുവിൽ, വലിയ അലങ്കോലമോ ആപത്തോ കൂടാതെ ഒരു പുതിയ പരിണാമത്തിന്റെ നിലവാരത്തിലെത്താൻ നമുക്ക് സാധിച്ചു. ഈ നിലവാരത്തിൽനിന്നു ജനാധിപത്യപരമായി നാമെവിടെ നിൽക്കുന്നു? എങ്ങോട്ടു പോകാനുദ്ദേശിക്കുന്നു? ജനാധിപത്യപുരോഗതിയ്ക്ക് ഏതെല്ലാം വിധം പൂർവ്വസ്ഥിതികളും ചുററുപാടുകളും ആവശ്യമായിരിക്കുന്നു? എന്നെല്ലാം വിചിന്തനംചെയ്യാം.

പാർലമെൻററി ഡമോക്രസിയുടെ നല്ലതും ചീത്തയുമായ അംശങ്ങൾ ഇന്ത്യൻ ഡമോക്രസിയിലുണ്ട്. ഇതര ജനാധിപത്യരാഷ്ട്രങ്ങൾ നെടുനാളത്തെ പരിചയംകൊണ്ട് നേടിയ വിവേചനാശക്തിയും അനുഭവസമ്പത്തും ചുരുങ്ങിയ കാലത്തിനുള്ളിൽ നമുക്ക് സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാണ്. എന്നാൽ അതേ അവസരത്തിൽ തന്നെ ചിന്തനീയമായ ഒരു സംഗതിയുണ്ട്. നമ്മുടെ പരിചയക്കുറവ് ചില പരിമിതികൾക്ക് ഹേതുകമായി ഭവിച്ചിരിക്കയാൽ ജനാധിപത്യം ഇന്ത്യയിൽ വളരെ സൂക്ഷിച്ചു കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു, ഈ വസ്തുത ഇതര രാജ്യങ്ങളെ സംബന്ധിച്ചും ബാധകമാണ്. സ്വന്തം വീട് നേരെയാക്കാതെ അന്യരെ ഗുണദോഷിക്കാനൊരുമ്പെടുന്നത് അനൗചിത്യമായിരിക്കുമെങ്കിലും, ഡെമോക്രസി എന്ന സമ്പ്രദായത്തെ ആകത്തുകയിൽ വിചിന്തനം ചെയ്യുമ്പോൾ കൂപമണ്ഡൂകമനഃസ്ഥിതി പ്രയോജനകരമല്ല. ജനാധിപത്യമാകട്ടെ വെറും ദേശീയപ്രശ്നവുമല്ല.

പൊതുവേ, ലോകത്തിലെ ഭൂരിപക്ഷം പേരും ജനാധിപത്യവിശ്വാസികളാണ്. പ്രത്യക്ഷത്തിൽ സ്വേച്ഛാധിപത്യ ഭരണക്രമം നിലവിലിരിക്കുന്ന രാജ്യങ്ങളിൽപോലും അസംഖ്യം ജനാധിപത്യവാദികൾ ഉണ്ട്. ജനാധിപത്യ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാവരും ഏകാഭിപ്രായക്കാരല്ല, എന്നാലും ലക്ഷ്യത്തിൽ യോജിപ്പുകാണും. ഒരു രാഷ്ട്രീയ വിശ്വാസമെന്ന നിലയിൽ മറേറത് ആശയസമുച്ചയത്തേക്കാളും മേൻമയും പ്രചാരവും ഇന്ന് ജനാധിപത്യത്തിനുണ്ടെന്ന് തീർച്ചയാണ്. ഈ വിശ്വാസമാകട്ടെ, ഇടക്കാലത്ത് ഉത്ഭവിച്ചതുമല്ല. സംഗതികളും സാഹചര്യങ്ങളും ഇത്തരത്തിലായിരുന്നിട്ടും ജനാധിപത്യം സ്വേച്ഛാധിപത്യത്തിന് വഴിമാറിക്കൊടുത്ത വിചിത്രചരിത്രം വിരളമല്ലതാനും. ജനാധിപത്യവും സ്വേച്ഛാധിപത്യവും ഒളിച്ചുകളി നടത്തിവരുന്ന രാഷ്ട്രങ്ങളുമുണ്ട്.

ഇതെങ്ങിനെ സംഭവിക്കുന്നു? ജനഭരണമാണ് അത്യുത്തമമെങ്കിൽപിന്നെ, ഏകശാസനഭരണക്രമം ജനാധിപത്യരാഷ്ട്രങ്ങളിൽത്തന്നെ സംസ്ഥാപിതമാകാൻ ഹേതുവെന്ത്? ഏകാധിപത്യരീതിയുടെ കഴിവിനേക്കാൾ ജനാധിപത്യത്തിന്റെ കഴിവുകേടാണോ ഇതിനു കാരണം? പാർലമെൻററി ഡെമോക്രസി ചെററും കുററമററതല്ല. അതിന്റെ പിഴകൾ തന്നെ ജനഭരണത്തിനും കടകവിരുദ്ധമായ പ്രവണതകൾക്കും പ്രവർത്തനത്തിനും പ്രേരണകൾ നൽകിയിട്ടുണ്ട്. അങ്ങിനെ ജനാധിപത്യത്തിന്റെ ശവപ്പെട്ടി ഏകശാസനഭരണക്രമത്തിന്റെ താരാട്ടുതൊട്ടിലായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇതിനുദാഹരണമായി ചരിത്രത്തിൽനിന്ന് പല തെളിവുകളും ഉദ്ധരിച്ചുകാണിക്കാവുന്നതാണ്. ജർമ്മനിയിൽ ജനാധിപത്യ ഭരണഘടന നിലവിലുള്ളപ്പോഴാണ്, അതിന്റെ തണലിൽ വളർന്നുവന്ന നാസികൾ വീമിയർ റിപ്പബ്ലിക്കിനെ ഗ്രസിച്ചത്. സായുധവിപ്ളവത്തിലൂടെയല്ല, പ്രത്യുത, നിയമവിധേയമായ രീതിയിൽത്തന്നെ. അഡോൾഫ് ഹിററ്ലറെ അധികാരത്തിൽ അവരോധിച്ചതു അന്നത്തെ നിയമസഭയാണ്. നാളതുവരെയുണ്ടായ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനരേഖകളെ നിഷ്പ്രഭമാക്കാൻ പോന്ന ഉൽകൃഷ്ട തത്വങ്ങൾ ഉൾക്കൊണ്ടതായിരുന്നു വീമിയർ ഭരണഘടന. എന്നിട്ടും അതു തകിടം മറിക്കപ്പെട്ടു. ആ ഭരണഘടനയിലെ അവകാശാവസരങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട്. ഈ വസ്തുതകൾ ജനാധിപത്യവാദികളെ ഇരുത്തിചിന്തിപ്പിക്കേണ്ടതാണ്, ഇന്ത്യയിലേയും മറുനാടുകളിലേയും ജനാധിപത്യപ്രേമികളെ. മികച്ച ഭരണഘടന യുണ്ടെന്നതുകൊണ്ടുമാത്രം ജനാധിപത്യം സുരക്ഷിതമല്ല. ഇവിടെ യാതൊരു കുഴപ്പവുമുണ്ടാകില്ല, നമുക്ക് അതിമനോഹരവും കെങ്കേമവുമായ ഒരു ഭരണഘടനയില്ലേ? ഇങ്ങനെ സമാശ്വസിച്ച് ഊററംകൊള്ളുന്നവർ രാഷ്ട്രീയത്തിലെ പച്ചപ്പാവങ്ങളാണ്. ആധാരം ഭദ്രമായി പെട്ടിയിൽ സുക്ഷിച്ചാൽ മതി, പിന്നെ എല്ലാ അവകാശങ്ങളും സുരക്ഷിതമായി എന്ന് വിശ്വസിച്ച് യാതൊരു ജോലിയും ചെയ്യാതെ കുറേക്കാലം അലസമായി കഴിഞ്ഞ ജൻമിവർഗ്ഗത്തിന്റെ ചരിത്രവും ഇവിടെ ദൃഷ്ടാന്തമാണ്. കൃഷിചെയ്യുന്നോൻ കൃഷിസ്ഥലത്തിനവകാശിയെന്ന തത്വമാണിന്ന് പ്രസക്തമായിഭവിച്ചുവരുന്നത്, മുൻപ്രമാണപ്പടിവേറെയായിരുന്നുവെങ്കിലും.. ആധാരത്തിലെ അക്ഷരങ്ങൾ അത്രയും ആശ്രയിച്ചുമാത്രം കഴിഞ്ഞകൂടിയാലിങ്ങനെയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത്തരം നാടുവാഴിമനോഭാവത്തിന് തെല്ലും പ്രസക്തിയില്ല.

എന്തിന്? ഒരു ഭരണഘടനയെഴുതിയുണ്ടാക്കി സൂക്ഷിക്കാതെതന്നെ ജനാധിപത്യം സാദ്ധ്യമാണെന്നുവരെ ബ്രിട്ടീഷ് ഭരണസമ്പ്രദായം തെളിയിക്കുന്നു. പ്രായോഗിക രാജ്യതന്ത്രജ്ഞരെന്ന നിലയിൽ പ്രസിദ്ധിപെററ ഇംഗ്ലീഷുകാർക്ക് അവരോരോ കാലത്തുമായി സംഭരിച്ച പരിചയവും പാരമ്പര്യവും വഴക്കങ്ങളുമാണ് പ്രമാണം. ഡെമോക്രസിയുടെ അവശ്യഘടകവും മുൻസ്ഥിതിയും സാമാന്യബുദ്ധിയാണെന്നാണ് അവരുടെ മതം. പെരുത്ത ഭരണഘടന വിരചിച്ചുവെച്ച വൻനാടുകളിൽപ്പോലും ബ്രിട്ടീഷ് വഴക്കങ്ങൾ ആദരണീയമായി ഭവിക്കുന്നതിൽനിന്ന് ആ മതം ആപൽക്കരമോ അപ്രായോഗികമോ അല്ലെന്ന് വ്യക്തമാവുന്നു. നിയമസഭാനടപടികളെക്കുറിച്ച് വഴക്കങ്ങൾ കൈക്കൊള്ളേണ്ടിവരുമ്പോഴും നാംതന്നെ 'പാർലമെൻറുകളുടെ മാതാവിനെ' ശരണം പ്രാപിക്കയാണല്ലോ പതിവ്. ഈ പശ്ചാത്തലത്തിൽ ഭരണഘടനാസംബന്ധമായ സ്തംഭനവ്യൂഹങ്ങൾ കെട്ടിച്ചമയ്ക്കാതെ നമുക്ക് ഭരണസമ്പ്രദായത്തെക്കുറിച്ച് ചിന്തിക്കാം. ജനാധിപത്യത്തിൻെറ കൂടപ്പിറപ്പുകളെന്ന ന്യായത്തിന്മേൽ ഇപ്പോഴും അംഗീകരിക്കുകയും വച്ചുപുലർത്തുകയും ചെയ്തുവരുന്ന അനാശാസ്യ രീതികളെപ്പററിയും ജനാധിപത്യത്തിൻെറ "പുതുമ" തീരുമ്പോൾ മുൻപറഞ്ഞ അനാശാസ്യവ്യവസ്ഥകൾ കുഴപ്പങ്ങളായി പൊതു വ്യഗ്രതയ്ക്കിടയിൽ "നമുക്ക് ഈ ജനാധിപത്യമേ വേണ്ടാ" എന്ന് ഏകാധിപത്യ വിശ്വാസികൾക്ക് വിളിച്ചു പറയുവാനും ആളുകളെ തങ്ങളുടെ അഭിപ്രായ ഗതിയിലേയ്ക്ക് വശീകരിക്കാനും അവസരം ലഭ്യമാവുകയും ചെയ്യും. അതിനാൽ നമ്മുടെ വിചിന്തനമർഹിക്കുന്നത് ഏതെങ്കിലും ഒരു വശമല്ല, മുഴുവൻ ജനാധിപത്യവുമാണ്. ഇന്ത്യയിൽ ഇന്ന് ജനാധിപത്യത്തിന് എന്തു നിലയും വിലയുമാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്? ഈ വിഷയത്തിൽ നമ്മുടെ പ്രസംഗവും പ്രവൃത്തിയും എത്രമാത്രം പൊരുത്തപ്പെട്ടുപോകുന്നുണ്ട്? ഏതേതു തുറകളിൽനിന്നാണ് ജനാധിപത്യത്തിന് പ്രഹരങ്ങൾ ഏൽക്കേണ്ടിവരുന്നത്? ഈ പ്രഹരങ്ങളെ ചെറുത്തു നിൽക്കണമെങ്കിൽ സ്വീകരിക്കേണ്ട പ്രതിവിധികളെന്ത്? ജനാധിപത്യം, അതിൻെറ ശരിയായ അർത്ഥത്തിൽ നമ്മുടെ നാട്ടിൽ ആവിഷ്കൃതമായിട്ടുണ്ടോ? ഇല്ലെങ്കിൽ, എന്തു നടപടിക്രമങ്ങളാണ് അതിനുവേണ്ടി അംഗീകരിക്കേണ്ടത്?

## 7.6 പാഠസംഗ്രഹം

സ്വതന്ത്ര ഭാരതത്തിന് ഒരു ഭരണഘടനയുണ്ട്. ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളുടെ ഭരണഘടനയിലെ ഗുണവശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് അതിന് രൂപം കൊടുത്തിട്ടുള്ളത്. എന്തും പ്രാചീന ഭാരതത്തിൽ ഉണ്ടായിരുന്നുവെന്ന് ഊററം കൊള്ളുന്നവർക്ക് ഒരുപക്ഷെ ഇതംഗീകരിക്കുവാൻ പ്രയാസം തോന്നാം. ഭാരതം പരാധീനതയിൽ നൂററാണ്ടുകളോളം കിടന്നില്ലായിരുവെങ്കിൽ ഭാരതത്തിന് ഒരു സുന്ദരമായ ഭരണഘടന ഉണ്ടാകുമായിരുന്നേനെയെന്നും, അത് മററുള്ളവർ കോപ്പിയടിക്കുകയും ചെയ്യുമായിരുന്നേനെയെന്നും ആശ്വസിക്കാനേ ഇപ്പോൾ നിർവാഹമുള്ളൂ.

ഭാരതം സ്വതന്ത്രമായി, പക്ഷെ രണ്ടു തുണ്ടമായിട്ടാണ്. അതിൻെറ പേരിൽ നടന്ന രക്തച്ചൊരിച്ചിൽ സത്യത്തിൽ ജനാധിപത്യത്തിൻെറ ഒന്നാം പരീക്ഷണമായിരുന്നു. നാട്ടുരാജാക്കന്മാരുടെ ചെറുത്തുനിൽപ്പും നിസ്സാരമായിരുന്നില്ല. സമർത്ഥമായ നീക്കത്താൽ ആ വെല്ലുവിളിയെ നേരിടാൻ ഭാരതത്തിന് കഴിഞ്ഞു. ഭാരതം പരമാധികാര രാഷ്ട്രമായി, അഭൂതപൂർവമായ വിജയം കൈവരിച്ചു. അതോടെ ലോകത്തിലെ മററു സ്വതന്ത്രരാഷ്ട്രങ്ങളോടൊന്നും കാണിക്കാത്ത താൽപ്പര്യം ചില വൻശക്തികൾ ഭാരതത്തോട് കാണിക്കാൻ തുടങ്ങി. ഭാരതത്തിൻെറ ജനാധിപത്യഭരണകൂടത്തെ നിലനിർത്താൻ ശ്രദ്ധാപൂർവമായ നീക്കങ്ങൾ ആവശ്യമാണ്. ഒരു ദേശീയ പ്രശ്നമെന്ന നിലയിലല്ല സാർവദേശീയ പ്രശ്നമെന്ന നിലയിലാണ് ജനാധിപത്യത്തെ കാണേണ്ടത്. ജനാധിപത്യവും, സ്വേച്ഛാധിപത്യവും തമ്മിലുള്ള വടംവലി മുറുകുന്നത് ആപത്താണ്; ശ്രദ്ധിക്കേണ്ടതാണ്. ഏകാധിപത്യത്തിനു ജനാധിപത്യം കീഴടങ്ങിയതിനും, ജനാധിപത്യത്തിൻെറ പരിലാളനയിൽതന്നെ സ്വേച്ഛാധിപത്യം തഴച്ചുവളർന്നതിനും ചരിത്രത്തിൽ തെളിവുകൾ ഉണ്ട്. നമ്മുടെ ഭരണഘടനയിൽ എല്ലാം ഭദ്രമാണ് എന്ന് കരുതിയാൽ മാത്രം പോര, ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള അന്തരീക്ഷം നിലനിർത്തുന്നതിലും ജാഗരൂകത പുലർത്തണം. മുഴുവൻ ജനാധിപത്യമായിരിക്കണം നമ്മുടെ വിചിന്തനമർഹിക്കുന്നത്. ബ്രിട്ടന് എഴുതി ഉണ്ടാക്കിയ ഭരണഘടനയല്ല, കീഴ്വഴക്കങ്ങളാണ് പ്രധാനം. നിതാന്തമായ ജാഗരൂകത പുലർത്തുന്നതുകൊണ്ടാണ് അവിടെ ജനാധിപത്യബോധം നിലനിൽക്കുന്നത്.

## പുരോഗതി സ്വയം പരിശോധിക്കുക.

1. ഭാരതത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യം എന്താണ്?
2. ഇന്ത്യൻ ഭരണഘടനയിൽ എന്തിന്റെ സ്വാധീനതയാണുള്ളത്?
3. നമ്മുടെ രാജ്യം എന്തായി അംഗീകരിക്കപ്പെട്ടു വരുന്നു?
4. പൊതുവെ ലോകത്തിലെ ഭൂരിപക്ഷം പേരും എങ്ങനെയുള്ളവരാണ്?
5. ഇങ്ങനെ ആശ്വസിച്ച് ഊററം കൊള്ളുന്നവർ രാഷ്ട്രീയത്തിലെ പച്ചപ്പാവങ്ങളാണ്.എങ്ങനെ?

## പുരോഗതി സ്വയം പരിശോധിക്കുക.—ഉത്തരം

(1) അ) 1. കരബലത്തെ മാത്രം.

2. ചാവേററുവിരുത്തി.
3. ചങ്ങാതം.
4. പയ്യന്നൂർപട്ടോലയുടെ.
5. ചോളപുരം ശാസനത്തിലാണെന്ന്.
6. ചോളരെ ...................... ആത്മഹത്യാസംഘം.
7. 1510.
8. മാമാകവും മാമാങ്കവും.

(2) ആ). 1. ഒരിറക്കുമതിച്ചരക്കാണ്.

2. ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക എന്നിവയുടേയും മററും സ്വാധീനത.
3. പൗരസ്ത്യപ്രദേശത്തെ അതിഗംഭീരമായ ജനാധിപത്യ പരീക്ഷണശാലയായി.
4. ജനാധിപത്യവിശ്വാസികളാണ്.
5. നമുക്ക് അതിമനോഹരവും കെങ്കേമവുമായ ഒരു ഭരണഘടനയില്ലേ?.